IKM

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-ആലപ്പുഴ ജില്ല-മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്-പ്രീതികുളങ്ങര ടാഗോർ മെമ്മോറിയൽ പഞ്ചായത്ത് എൽ.പി. സ്കൂൾ ബസ്സിന്റെ ഇൻഷ്വറൻസ്, ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മെയിന്റനൻസ് എന്നിവ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.3003/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/11/2018

പരാമർശം:- 1 മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/09/18 ലെ CC/143/2018 നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 16/10/18ലെ പ്രത്യേക വിഷയങ്ങളിലെ 4.9 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പ്രീതികുളങ്ങര ടാഗോർ മെമ്മോറിയൽ പഞ്ചായത്ത് എൽ.പി. സ്കൂളിന് MLASDF മുഖേന ലഭ്യമായ ബസ്സിന്റെ ഇൻഷ്വറൻസ്, ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മെയിന്റനൻസ് എന്നിവ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് (പ്രോജക്ട് നമ്പർ 277/18 അടങ്കൽ തുക 3 (മൂന്ന്) ലക്ഷം രൂപ )അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പ്രീതികുളങ്ങര ടാഗോർ മെമ്മോറിയൽ പഞ്ചായത്ത് എൽ.പി. സ്കൂളിന് MLASDF മുഖേന ലഭ്യമായ ബസ്സിന്റെ ഇൻഷ്വറൻസ്, ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മെയിന്റനൻസ് എന്നിവ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വഹിക്കണമെന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക് മാത്രമായി പഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

Conti....

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SHIJU P PAUL
Date: 2018.1[illegible]2:26:58 IST
Reason: Approved

സെക്ഷൻ ഓഫീസർ